// മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702

2019 മാർച്ച് 5

# വാർത്താക്കുറിപ്പ്

## ചാൻസലേഴ്സ് അവാർഡ് വിതരണം നാളെ; ഗവർണറും മുഖ്യമന്ത്രിയും പങ്കെടുക്കും

കേരളത്തിലെ മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡ് നാളെ (മാർച്ച് 7) മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് സമ്മാനിക്കും. രാവിലെ 10ന് മഹാത്മാ ഗാന്ധി സർവകലാശാല അസംബ്ലി ഹാളിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം 2017-18ലെ മികച്ച സർവകലാശാലയ്ക്കുള്ള ചാൻസലേഴ്സ് അവാർഡും മികച്ച എമർജിംഗ് യങ് സർവകലാശാലയ്ക്കുള്ള അവാർഡും വിതരണം ചെയ്യും. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവകലാശാലയ്ക്കാണ് മികച്ച എമർജിംങ് യംഗ് സർവകലാശാല അവാർഡ്.

യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിക്കും. ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രി ഡോ. കെ.ടി. ജലീൽ മുഖ്യപ്രഭാഷണം നടത്തും. എം.എൽ.എ.മാരായ അഡ്വ. കെ. സുരേഷ് കുറുപ്പ്, രാജു എബ്രഹാം, ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷ ടൈറ്റസ്, മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് എന്നിവർ പങ്കെടുക്കും. അഞ്ചുകോടി രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് ചാൻസലേഴ്സ് അവാർഡ്. ഒരു കോടി രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് മികച്ച എമർജിംഗ് യങ് സർവകലാശാലയ്ക്കുള്ള അവാർഡ്.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. സി.എൻ.ആർ. റാവുവിന്റെ നേതൃത്വത്തിലുള്ള ഒൻപതംഗ സെലക്ഷൻ കമ്മിറ്റിയാണ് ചാൻസലേഴ്സ് അവാർഡിനായി മികച്ച സർവകലാശാലകളെ തെരഞ്ഞെടുത്തത്. 2015ലാണ് ചാൻസലേഴ്സ് അവാർഡ് ഏർപ്പെടുത്തിയത്. ഇത് രണ്ടാം തവണയാണ് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് അവാർഡ് ലഭിക്കുന്നത്. 2017ലാണ് മികച്ച എമർജിംങ് യംഗ് സർവകലാശാല അവാർഡ് ഏർപ്പെടുത്തിയത്.

(പി.ആർ.ഒ./39/432/2019)

## പരീക്ഷഫലം

2018 ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 21 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/433/2019)

2018 ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ എം.സി.എ. (2017 അഡ്മിഷൻ റഗുലർ -പുതിയ സ്കീം-അഫിലിയേറ്റഡ് കോളേജുകൾ, 2012-2016 അഡ്മിഷൻ സപ്ലിമെന്ററി-അഫിലിയേറ്റഡ് കോളേജുകൾ, 2012-2016 അഡ്മിഷൻ സപ്ലിമെന്ററി - സ്റ്റാസ്, 2011 അഡ്മിഷൻ മേഴ്സി ചാൻസ്-അഫിലിയേറ്റഡ് കോളേജുകൾ, സ്റ്റാസ്), ലാറ്ററൽ എൻട്രി (2013-2016 അഡ്മിഷൻ സപ്ലിമെന്ററി-അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 18 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/434/2019)

## സൗജന്യ സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷ പരിശീലനം

ബി.കോം (കോ-ഓപ്പറേഷൻ), ജെ.ഡി.സി., എച്ച്.ഡി.സി. യോഗ്യതയുള്ളവർക്ക് സഹകരണ സംഘങ്ങളിലെ ജൂനിയർ ക്ലർക്ക് തസ്തികയിലേക്ക് കോ-ഓപ്പറേറ്റീവ് സർവീസ് എക്സാമിനേഷൻ ബോർഡ് നടത്തുന്ന പരീക്ഷയ്ക്ക് സൗജന്യ തീവ്ര പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ സർവകലാശാല എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോയിലാണ് പരിശീലനം. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/435/2019)

## എം.ജി.യു. എൻ.എസ്.എസ്. ഫെസ്റ്റ് ഇന്ന് (മാർച്ച് 6)

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീം സെല്ലിന്റെ ആഭിമുഖ്യത്തിൽ എൻ.എസ്.എസ്. വോളണ്ടിയർമാരെ പങ്കെടുപ്പിച്ച് നടത്തുന്ന 'എം.ജി.യു.എൻ.എസ്.എസ്. ഫെസ്റ്റ് 2019' ഇന്ന് (മാർച്ച് 6) ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നടക്കും. രാവിലെ 10ന് കാവുകാട്ട് ഹാളിൽ സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉദ്ഘാടനം ചെയ്യും. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അധ്യക്ഷത വഹിക്കും. സംസ്ഥാന എൻ.എസ്.എസ്. ഓഫീസർ ഡോ. കെ. സാബുക്കുട്ടൻ മുഖ്യാതിഥിയായിരിക്കും.

കരോക്കെയോടുകൂടിയ ഗാനാലാപനം, പ്രസംഗം, ഉപന്യാസം, മാനവമൈത്രീ സംഘഗാനം, ഇതിവൃത്താധിഷ്ഠിത സംഘനൃത്തം (തീമാറ്റിക് ഗ്രൂപ്പ് ഡാൻസ്) എന്നിവയാണ് മത്സര ഇനങ്ങൾ. ഫെസ്റ്റിന്റെ രജിസ്ട്രേഷൻ രാവിലെ ഒൻപതിന് ആരംഭിക്കും.

(പി.ആർ.ഒ./39/436/2019)

## എം.ഫിൽ പ്രവേശന പരീക്ഷ 13ന്

സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ 2018-19 വർഷത്തെ എം.ഫിൽ പ്രോഗ്രാമിന്റെ പ്രവേശന പരീക്ഷ മാർച്ച് 13ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടക്കും.

(പി.ആർ.ഒ./39/437/2019)

## സെനറ്റ് വാർഷിക യോഗം മാർച്ച് 30ന്

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിന്റെ വാർഷിക യോഗം മാർച്ച് 30ന് രാവിലെ 10ന് സർവകലാശാല കാമ്പസിലെ സെനറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ./39/438/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 5

## വാർത്താക്കുറിപ്പ് 2

---

**എം.ജി.യിൽ സ്കോളേഴ്സ് മീറ്റ് നടന്നു**

## ജനാധിപത്യസംവാദങ്ങൾ വളരണം: ടി.ഡി. രാമകൃഷ്ണൻ

യോജിപ്പുകളും വിയോജിപ്പുകളും ഒരേ വേദിയിലെത്തുന്ന ജനാധിപത്യ സംവാദങ്ങൾ വളർത്തണമെന്ന് സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് ടി.ഡി. രാമകൃഷ്ണൻ പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയനും ഓൾകേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച സ്കോളേഴ്സ് മീറ്റ് 2019ൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മനുഷ്യത്വം ഊട്ടിയുറപ്പിക്കുന്ന, ചോരവീഴാത്ത ആശയങ്ങൾ വളർത്തണം. ഗവേഷണം സമൂഹത്തിന് ഗുണപ്രദമാകണം. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ ഗവേഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടോയെന്നത് പരിശോധിക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.

സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ നടന്ന സ്കോളേഴ്സ് മീറ്റ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. വിവിധ മേഖലകളിൽ മികവു തെളിയിച്ച ഗവേഷകരെ ആദരിച്ചു. വി. വിജീഷ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എം. കൃഷ്ണൻ, ഡോ. നന്ദകുമാർ കളരിക്കൽ, ഡി.എസ്.യു. ചെയർപേഴ്സൺ എൻ.കെ. നയന, എ.കെ.ആർ.എസ്.എ. ഭാരവാഹികളായ ഗോപീകൃഷ്ണ, വി.സി. ഷൈനു, അൻഫൽ എന്നിവർ പ്രസംഗിച്ചു.

**ചിത്രം കാപ്ഷൻ**

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയനും ഓൾകേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച സ്കോളേഴ്സ് മീറ്റ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയനും ഓൾകേരള റിസർച്ച് സ്കോളേഴ്സ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച സ്കോളേഴ്സ് മീറ്റിൽ സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് ടി.ഡി. രാമകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തുന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സമീപം.

(പി.ആർ.ഒ./39/439/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ